## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 288 13.03.2018-ൽ മറുപടിയ്ക്ക്

### വികസന ദൗത്യങ്ങളുടെ ആസൂത്രണ-നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. വി. ജോയി<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വികസന ദൗത്യങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വികസന ദൗത്യങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും, നഗരസഭകളിലും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകളും സബ്സിഡികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പ്രധാന വികസന ദൗത്യങ്ങൾ ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം 'എന്നിവയാണ്.<br><br>ഹരിത കേരള മിഷൻ<br><br>ഹരിത കേരളം മിഷന് കൃഷി വികസനം, ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ 3 ഉപദൗത്യങ്ങൾ ആണ് ഉള്ളത്. മാലിന്യരഹിത തദ്ദേശസ്വയംഭരണ സ്ഥാപനം, കാർഷിക സമ്പന്നമായ തദ്ദേശസ്വയംഭരണ സ്ഥാപനം, ജലം സ്വയം പര്യാപ്തതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ ലക്ഷ്യമായി കണ്ട് പ്രോജക്ടുകൾ രൂപപ്പെടുത്തുവാനും, |

| | | | |
|---|---|---|---|
| | | | നിർവ്വഹണം നടത്തുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ ലക്ഷ്യങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിനായി സർക്കാർ സ്കൂളുകൾ Hitech ആക്കുന്നതിന് വേണ്ട നടപടി എടുത്തു വരുന്നു.<br><br>ആർദ്രം<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച്, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി എടുത്തുവരുന്നു.<br><br>ലൈഫ് മിഷൻ<br><br>സർക്കാരിന്റെ ലൈഫ് മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ലൈഫ് മിഷൻ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭവനരഹിതർക്ക് വീട് വെയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നല്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഭൂരഹിത-ഭവനരഹിത പട്ടികയിലെ ഭവനസമുച്ചയങ്ങളുൾപ്പടെ നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി വാങ്ങുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ നിർദ്ദേശം നല്കിയിട്ടുണ്ട്. 2017-18-ൽ മുൻകാലങ്ങളിൽ ധനസഹായം നല്കിയതിൽ ഇതുവരെ പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണത്തിന് വേണ്ടി തുക നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുവാനും നടപടികൾ എടുത്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും 20% തുക വിനിയോഗിക്കാനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വികസന ദൗത്യങ്ങളുടെ വിജയത്തിന് അനിവാര്യമായ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഫലപ്രദമായ ഇടപെടൽ നടത്തുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കി വരുന്നു. വികസനദൗത്യങ്ങളുടെ വിജയം മുൻനിർത്തി വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ട്. |
| (സി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും നടപ്പാക്കേണ്ട വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും വേണ്ട സാങ്കേതിക സഹായവും ജനപങ്കാളിത്തവും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | വിവിധ തലങ്ങളിലെ പദ്ധതിനിർദ്ദേശം നിർവ്വഹണത്തിൽ ഏകോപിക്കാനായി ജില്ലാ വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ വികസന പ്ലാനുകൾ രൂപീകരിച്ചും സംസ്ഥാന തല മിഷനുകളും വഴി സാങ്കേതിക സഹായവും പങ്കാളിത്തവും ഉറപ്പു വരുത്തുന്നു. സർക്കാർ തലത്തിൽ പദ്ധതികളെ തുടർച്ചയായി വിലയിരുത്തി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ